Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സമ്പ്രദായം നടപ്പിലാക്കുന്നത് സംസ്ഥാനത്തെ സാമ്പത്തിക മേഖലയെ എത്തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രതികൂലമായ സ്വാധീനമാണ് സൃഷ്ടിക്കുന്നതെങ്കിൽ അതിനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ-സി) ഡിജിറ്റൽ കറൻസിയുടെ ഉപയോഗം നിലവിൽ പ്രാരംഭദശയിലാണ്. ലഭ്യമായ വിവരമനുസരിച്ച് രാജ്യത്തിന്റേതായ ഡിജിറ്റൽ കറൻസി (Central Bank Digital Currency) ഘട്ടംഘട്ടമായി അവതരിപ്പിക്കുവാൻ റിസർവ് ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. കറൻസി കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് ഇടപെടുന്നതിൽ പരിമിതികളുണ്ട്. ഇക്കാരണത്താൽ ബിറ്റ്കോയിൻപോലുള്ള സ്വകാര്യ ക്രിപ്റ്റോ കറൻസികളുടെ വിനിമയത്തിൽ കേന്ദ്രസർക്കാരാണ് നടപടിയെടുക്കേണ്ടത്. ഡിജിറ്റൽ കറൻസികളുടെ ഉപയോഗം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് ആധികാരിക പഠനങ്ങളൊന്നും സർക്കാർ നടത്തിയിട്ടില്ല. അതേസമയം, സുതാര്യവും സുരക്ഷിതവുമായ സംവിധാനത്തിൽ ഡിജിറ്റൽ കറൻസി വിനിമയങ്ങൾ നടക്കുന്നപക്ഷം, സാമ്പത്തിക ഇടപാടുകളുടെ വേഗം വർദ്ധിപ്പിക്കുമെന്നതിനാലും Tax Compliance തോത് ഉയർത്തുമെന്നതിനാലും ആയത് സമ്പദ്ഘടനയ്ക്ക് ഉണർവ്വേകുകയും സർക്കാരിന്റെ വരുമാനം ഉയർത്തുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിജിറ്റൽ കറൻസിയുടെ വിനിമയം സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമായ എന്തെങ്കിലും സാഹചര്യങ്ങൾ സൃഷ്ടിക്കുമെങ്കിൽ ആ ഘട്ടത്തിൽ മാത്രമേ ആയത് പരിഗണിക്കേണ്ടതുള്ളൂ.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ

41(5196) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ യഥാസമയം കേന്ദ്ര സർക്കാരിൽ സമർപ്പിക്കാത്തതിനാൽ തുടർഗഡുക്കൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റായോ അഡ്വാൻസായോ ആണ്. റീ-ഇംബേഴ്സ്മെന്റായി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചു തീരാത്ത സാഹചര്യമുണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സമയബന്ധിതമായി പൂർത്തീകരിക്കാൻ ധനകാര്യവകുപ്പിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്തുനൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്രവിഹിതത്തിനാനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി 21-2-2017-ൽ സ.ഉ(പി) നമ്പർ24/2017/ധന. ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാരിൽനിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഭരണവകുപ്പിനുതന്നെ നേരിട്ട് നിർവ്വഹണ ഏജൻസികൾക്ക് റിലീസ് ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

നൽകാവുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ഇതിൻപ്രകാരം നടപടികൾ സ്വീകരിക്കുവാൻ 24-5-2021-ലെ സർക്കുലർ നമ്പർ 44/2021/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തിവരികയുംചെയ്യുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനുമായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യുവേഷൻ & മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ വകുപ്പ് വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ബഹു. മുഖ്യമന്ത്രിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്.

ഭക്ഷ്യസുരക്ഷാ ഓഫീസർ

42(5197) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ; ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജോലിഭാരവും ചുമതലകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?

(എ&ബി) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ നിലവിൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലില്ല. സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളായ അമരവിള,